ആർ ബി ഐ/2005-06/204
ഡി ബി ഒ ഡി നമ്പർ എൽ ഇ ജി ബി സി 44/09.07.005/2005-06

നവംബർ 11, 2005

പട്ടികയിലുള്ള എല്ലാ വാണിജ്യ ബാങ്കുകൾക്കും പ്രാദേശിക ഗ്രാമീണ ബാങ്കുകൾ ഒഴികെ

സർ,

**<u>സാമ്പത്തിക ഉൾപ്പെടുത്തൽ</u>**

2005-06 കാലത്തെ വാർഷിക പദ്ധതി പ്രസ്താവനയിലെ ഇടക്കാല പുനരവലോകനത്തിന്റെ ഖണ്ഡിക 96-ാം ഖണ്ഡിക സദയം ശ്രദ്ധിക്കുക

2. 2005 ഏപ്രിലിലെ വാർഷിക പദ്ധതി പ്രസ്താവന ജനസംഖ്യയുടെ വലിയൊരു വിഭാഗം ജനങ്ങളിലേയ്ക്ക് ബാങ്കിംഗ് സൗകര്യം എത്തിച്ചേരാത്തതിൽ ഉത്കണ്ഠ പ്രകടിപ്പിക്കുന്നതോടൊപ്പം നിലവിലുള്ള ഏർപ്പാടുകൾ പരിഷ്കരിച്ച് അത്തരക്കാരെ ബാങ്കുകൾ സാമ്പത്തികമായി ഉൾക്കൊള്ളണമെന്ന് നിഷ്കർഷിക്കുകയും ചെയ്യുന്നു. മിനിമം ബാലൻസ് ആവശ്യകതയും, വസൂലാക്കപ്പെടുന്ന സേവനനിരക്കുകളും, മറ്റെന്തൊക്കെ സൗജന്യസേവന സൗകര്യം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ജനസംഖ്യയുടെ വലിയൊരു വിഭാഗം ജനങ്ങളെ ബാങ്ക് അക്കൗണ്ടുകൾ തുടങ്ങുന്നതിൽ നിന്നും അവ പ്രവർത്തിപ്പിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നു എന്ന വസ്തുത പ്രകടമാണ്.

3 ഇത്തരത്തിൽ, ഉയർന്ന തോതിലുള്ള സാമ്പത്തിക ഉൾപ്പെടുത്തൽ സാധിതമാക്കി തീർക്കുന്നതിനായി അടിസ്ഥാനപരമായ അലോസര രഹിതമായ അക്കൗണ്ടുകൾ പ്രവർത്തിപ്പിക്കുവാൻ ബാങ്കുകൾ യത്നിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു. ശൂന്യം അല്ലെങ്കിൽ വളരെ ചുരുങ്ങിയ മിച്ചം അക്കൗണ്ടിൽ ശേഷിപ്പിക്കാനുള്ള അനുവാദം നൽകുക തുടങ്ങിയ നടപടികൾ ജനസംഖ്യയുടെ വലിയൊരു പങ്ക് വിഭാഗത്തെ ബാങ്കിംഗ് രംഗത്തേക്ക് ആകർഷിക്കാൻ പര്യാപ്തമായേക്കും. അത്തരം അക്കൗണ്ടുകളുടെ കാര്യത്തിൽ ഇടപാടുകളുടെ സ്വഭാവത്തെപ്പറ്റിയും എണ്ണത്തെക്കുറിച്ചും നിഷ്കർഷ പാലിച്ചുകൊണ്ട് തന്നെ അക്കൗണ്ടിന് സുതാര്യത കൈവരുത്തേണ്ടതാണ്. അലോസരമുളവാക്കാത്ത അക്കൗണ്ട് സൗകര്യങ്ങളെക്കുറിച്ച് ബാങ്കുകൾ വിപുലമായ പ്രചാരണം സംഘടിപ്പിക്കേണ്ടതും അത്തരം കാര്യങ്ങൾ അവരവരുടെ വെബ്സൈറ്റുകളിൽ പ്രദർശിപ്പിച്ച് സൗകര്യങ്ങളെക്കുറിച്ചും സേവനനിരക്കുകളെക്കുറിച്ചുമുള്ള സുതാര്യമായ സമീപനം കൈക്കൊള്ളേണ്ടതുമാണ്.

4. ഇത്തരത്തിലുള്ള നിക്ഷേപ അക്കൗണ്ടുകളെ കുറിച്ചുള്ള വിവരങ്ങൾ ത്രൈമാസാടിസ്ഥാനത്തിൽ ഞങ്ങളെ അറിയിച്ചിരിക്കേണ്ടതാണ്.

5. അടിയന്തിരപ്രവർത്തനം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതും നിർവ്വഹണ റിപ്പോർട്ട് ഒരുമാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതുമാണ്.

6. കത്ത് കിട്ടിയ വിവരം അറിയിക്കുക.

വിശ്വസ്തതയോടെ

പ്രശാന്ത സരൺ

ചീഫ് ജനറൽ മാനേജർ